## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2418</u> <u>08.12.2015-ൽ മറുപടിയ്ക്ക്</u>

### <u>പട്ടികവർഗ്ഗ സങ്കേതത്തിൽ കുടിവെള്ളം</u>

<u>ചോദ്യം</u>
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

<u>മറുപടി</u>
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ഓരോ പട്ടികവർഗ്ഗ സങ്കേതത്തിലും കുടിവെള്ളം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത വിലയിരുത്തിയിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും പ്രസ്തുത ആവശ്യത്തിലേയ്ക്കായി എത്ര രൂപ ചെലവഴിക്കുമെന്നാണ് വാഗ്ദാനം നൽകിയിരുന്നത്; | ബി) | ഇത് സംബന്ധിച്ച് പ്രത്യേക വാഗ്ദാനമൊന്നും നല്കിയിരുന്നില്ല. എന്നിരുന്നാലും ഈ സർക്കാർ ടി ആവശ്യത്തിലേക്കായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>2011-12 മുതൽ കോഴിക്കോട്, വയനാട്, കാസർഗോഡ്, മലപ്പുറം, പാലക്കാട് ജില്ലകളിലെ പ്രാക്തന ഗോത്ര വിഭാഗക്കാർ താമസിക്കുന്ന തെരഞ്ഞെടുത്ത 86 കോളനികളിൽ 19,26,45,000/-രൂപ (പത്തൊൻപത് കോടി ഇരുപത്തിയാറ് ലക്ഷത്തി നാല്പത്തി അയ്യായിരം രൂപ മാത്രം) ചെലവഴിച്ച് വാട്ടർ അതോറിറ്റിയുടെ സഹായത്തോടെ കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, കണ്ണൂർ, കാസർഗോഡ്, തൃശ്ശൂർ, തിരുവനന്തപുരം എന്നീ ജില്ലകളിലെ തെരഞ്ഞെടുത്ത 54 |

| | | | |
|---|---|---|---|
| | | | കോളനികളിലായി 2014-15 വർഷത്തെ അഡീഷണൽ ട്രൈബൽ സബ്പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു. 2015-16 വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ വയനാട്, കണ്ണൂർ, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ തെരഞ്ഞെടുത്ത 32 കോളനികളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ ഘട്ടത്തിലാണ്<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തൃശ്ശൂർ, വയനാട്, കോഴിക്കോട്, കണ്ണൂർ, എറണാകുളം, മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിലായി 9 കോളനികളിൽ ഹാംലെറ്റ് വികസന പദ്ധതി പ്രകാരം കുടിവെള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>കൂടാതെ കോർപ്പസ് ഫണ്ട്, ഭരണഘടനയുടെ ആർട്ടിക്കിൾ 275(1) തുടങ്ങിയ ശീർഷകങ്ങളിൽ നിന്നും ടി ആവശ്യത്തിനായി ഫണ്ട് അനുവദിക്കുന്നുണ്ട്. |
| സി) | പ്രസ്തുത ആവശ്യത്തിലേയ്ക്കായി അനുവദിച്ച തുക അതത് കേന്ദ്രങ്ങളിൽ ഇതേ ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | സി) | ഉണ്ട്. |

സെക്ഷൻ ഓഫീസർ